## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1791** | 04.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

### വാറ്റ് പരിധിയിലുള്ള വ്യാപാരികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, സി.കെ. ഹരീന്ദ്രൻ<br>,, കാരാട്ട് റസാഖ്<br>,, വി. കെ. സി. മമ്മത് കോയ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വാറ്റ് പരിധിയിൽ ഉണ്ടായിരുന്ന എത്ര ശതമാനം വ്യാപാരികൾ ഇതുവരെ ചരക്കിന്മേലും സേവനങ്ങളിന്മേലും ഉള്ള നികുതി രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 69.47% |
| (ബി) | മുൻധാരണയിൽ നിന്നും വിഭിന്നമായി പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി. പരിധിയിൽപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ഉണ്ടായിരുന്നോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ഏത് തരത്തിൽ ബാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | ഭരണഘടനാ ഭേദഗതി പ്രകാരം പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടിയിൽ നിന്നും താല്ക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. ഭാവിയിൽ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം പെട്രോളിയം ഉല്പന്നങ്ങൾക്ക് ജി.എസ്.ടി ചുമത്താവുന്നതാണ്. പെട്രോളിയം ഉല്പന്നങ്ങൾ ജി.എസ്.ടി യിൽ ഉൾപ്പെടുത്തിയാൽ അതിനുശേഷം സെസ്സ് ചുമത്താൻ സംസ്ഥാനത്തിന് അധികാരം ഉണ്ടാകില്ല. നിലവിൽ പാസാക്കിയ നിയമം (GST Compensation Act) പ്രകാരം കേന്ദ്രത്തിനു മാത്രമേ ആ നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ചരക്കുകളിലും സേവനങ്ങളിലും സെസ്സ് ചുമത്താൻ അധികാരമുള്ളൂ. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ജി.എസ്.ടി. സംവിധാനം നടപ്പിലാക്കാൻ വേണ്ട കമ്പ്യൂട്ടർ അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | നിലവിൽ വാണിജ്യനികുതി വകുപ്പ് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിലും ജി.എസ്.ടി നടപ്പിലാക്കുന്നതിനുവേണ്ടി സെർവർ സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. |
| (ഡി) | ഒന്നരക്കോടിയിലധികം വിറ്റുവരവുള്ള വ്യാപാരികളുടെ മേലുള്ള നികുതി ഭരണം ഏതുവിധത്തിലാണ് ഉദ്ദേശിക്കുന്നത്? | (ഡി) | ജി.എസ്.ടി കൗൺസിൽ ചർച്ചകളിൽ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർസംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടേയും ഭരണനിർവഹണം കേന്ദ്രത്തിന് മാത്രമായി വിട്ടു നൽകണമെന്ന അഭിപ്രായം കേന്ദ്രം മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നരക്കോടി വരെ വിറ്റുവരവുള്ള സപ്ലൈകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന - കേന്ദ്ര സർക്കാരുകൾ ഭരണനിർവഹണം നടത്താനും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ